പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 84 — 01.03.2017-ൽ മറുപടിക്ക്

## ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>,, വി.ഡി.സതീശൻ<br>,, എം. വിൻസെന്റ്<br>,, അനിൽ അക്കര | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി പുറപ്പെടുവിച്ച 27.10.16 ലെ സ.ഉ (സാധാ)നം. 1325/2016/ തൊഴിൽ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാകുന്നതാണ്. |
| (സി) പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

സംഗ്രഹം

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) - ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ (സാധാ)നം. 1325 /2016/തൊഴിൽ     തിരുവനന്തപുരം, തീയതി, 27.10.16

---

പരാമർശം:- 1. ലേബർ കമ്മീഷണറുടെ 05.07.2016-ലെ ബി(4) 11577/2016 നമ്പർ കത്ത്.

2. 30/08/16 ൽ സ്റ്റേറ്റ് ഇ. ഗവേർണൻസ് മിഷൻ ടീം സമർപ്പിച്ച പദ്ധതിരേഖ.

3. 30/8/16-ൽ തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമെന്ന് 24/06/16 ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായി. ആയതിൻ പ്രകാരം 'ആവാസ്' പദ്ധതിനടപ്പിലാക്കുന്നതിനാ[redacted] പദ്ധതിയും പ്രൊപ്പോസലും പരാമർശം (1) പ്രകാരം ലേബർ കമ്മീഷണർ സർക്കാരിന് ലഭ്യമാക്കുകയുണ്ടായി

ലേബർ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ ബന്ധപ്പെട്ട വിവിധ വകുപ്പുകൾ, ഐ.റ്റി. മിഷൻ എന്നിവരുമായി ചേർന്ന് വിശദമായി പരിശോധിച്ചു.സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, ഭരണനിർവഹണം തുടങ്ങിയവ വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ലക്ഷ്യം:-**

കേരളത്തിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും, സൗജന്യ ചികിത്സാ സഹായവും ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ഉറപ്പുവരുത്തുന്നത് ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിയിലൂടെ തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതാണ്.

**ലക്ഷ്യംവയ്ക്കുന്ന സമൂഹം:-**

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി [illegible] മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികൾ.

**പ്രയോജനങ്ങൾ:-**

പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികളിൽ ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്നതാണ്.ആരോഗ്യ ഇൻഷുറൻസിനൊപ്പം അപകട ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തുന്നതാണ്.

**ചികിത്സ:-**

പരിമിതികൾക്ക് വിധേയമായി പ്രതിവർഷം ഇതിലുൾപ്പെട്ട ഏത് ആശുപത്രിയിലും 15,000/- രൂപയുടെ വരെ ചെലവ് ഈ പദ്ധതിയിൽ നിന്ന് വഹിക്കുന്നതാണ്.

**പരാതി പരിഹാരം:-**

പദ്ധതിയിൽ അംഗമാകുന്നവർക്കുണ്ടാകുന്ന പരാതി പരിഹാരത്തിനായി പരാതി പരിഹാരസെൽ (രണ്ട് തലത്തിൽ) ഉണ്ടായിരിക്കുന്നതാണ്. ഒന്നാം ഘട്ടത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ) തലത്തിൽ പരിഹാരം കാണാവുന്നതാണ്. ഇതിന്മേൽ അപ്പീൽ ഉണ്ടെങ്കിൽ, ലേബർ കമ്മീഷണർക്ക് അയയ്ക്കാവുന്നതും അവിടെ പരിഹാരം കാണാവുന്നതുമാണ്.

**ഭരണ നിർവ്വഹണം:-**

ഗുണഭോക്താക്കളുടെ എൻറോൾമെന്റും തിരിച്ചറിയൽ കാർഡ് വിതരണം സംബന്ധിച്ച നിർദ്ദേശങ്ങളും പരിശോധന, നടത്തിപ്പ് തുടങ്ങിയ കാര്യങ്ങളും തൊഴിൽ വകുപ്പ് നിർവ്വഹിക്കുന്നതാണ്. പദ്ധതിയുടെ നേതൃത്വവും നടത്തിപ്പ് ജില്ലാടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാർക്കാണ്.

**പ്രാവർത്തികമാക്കുന്ന രീതി:-**

1. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 'ആവാസ്' പദ്ധതിക്കായി തൊഴിലാളികളുടെ വിവരശേഖരണം അത്യാവശ്യമാണ്. പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ, ഇൻഷുറൻസ് കമ്പനി, പ്രീമിയം തുക, ഇൻഷുറൻസ് ലിമിറ്റ്, തിരിച്ചറിയൽ കാർഡ് നിർമ്മാണം. പ്രിന്റിംഗ്,വിതരണം എന്നിവ നാഷണൽ കോമ്പെറ്റീറ്റീവ് ഓപ്പൺ ടെണ്ടർ മുഖേന നിശ്ചയിക്കുന്നതാണ്.

2. ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും മേൽ വിവരങ്ങൾ മറ്റ് വകുപ്പുകൾക്ക് പ്രാപ്യമാകുവാൻ കഴിയും വിധത്തിലുമുള്ള വിവിധോദ്ദേശ്യ

ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ഇതിൽ അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ.ആർ. കോഡ്, എന്നിവ ഉണ്ടായിരിക്കും.

3. തൊഴിലാളിയുടെ ഫോട്ടോഗ്രാഫ്, വിരലടയാളം, ഐറിസ് സ്കാൻ എന്നിവ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡിൽ ഉണ്ടാകണം.

4. ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്,തെരഞ്ഞെടുപ്പ് കമ്മീഷൻ തിരിച്ചറിയൽ കാർഡ് എന്നിവയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവരശേഖരണത്തിനായുള്ള തിരിച്ചറിയൽ നടത്തുന്നതാണ്.

5. പദ്ധതി നടപ്പിലാക്കേണ്ട ഏജൻസി, ഉപയോഗിക്കേണ്ട സോഫ്റ്റ് വെയർ, ഇൻഷ്വറൻസ് കമ്പനി, പ്രീമിയം തുക എന്നിവ നിശ്ചയിച്ചുകഴിഞ്ഞാൽ പ്രസ്തുത ഏജൻസി ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ പോയി ഇൻഷ്വറൻസ് വിവരശേഖരണം നടത്തുന്നതും ആ സ്ഥലത്തു വച്ചു തന്നെ ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതുമാണ്.

6. സംസ്ഥാനതലത്തിൽ വീഡിയോ/ ആഡിയോ (പത്ര ദൃശ്യ മാധ്യമങ്ങളിൽ കൂടി) ഇതര സംസ്ഥാന തൊഴിലാളികൾ കൂടുതൽ വസിക്കുന്ന സ്ഥലങ്ങളിൽ പദ്ധതിയെക്കുറിച്ചുള്ള പരസ്യപ്രചരണം/വിവരണം നടത്തേണ്ടതാണ്.ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനും ഇൻഷ്വറൻസ് പദ്ധതിയെപ്പറ്റിയുള്ള ബോധവത്ക്കരണത്തിനും ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആഭ്യന്തര വകുപ്പ്, ആരോഗ്യ വകുപ്പ്, എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തേണ്ടതാണ്.

7. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിലേക്കായി ജില്ലാടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ലേബർ ഓഫീസർ (ഇ) കൺവീനർ ആയും ജില്ലാ മെഡിക്കൽ ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവരെ ഉൾക്കൊള്ളിച്ച് ഒരു കമ്മിറ്റിക്ക് രൂപം നൽകുന്നതാണ്.

8. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ,വാർഡ് അടിസ്ഥാനത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് തിരിച്ചറിയൽ കാർഡ് വിതരണ പുരോഗതിക്ക് മേൽനോട്ടം നൽകേണ്ടതാണ്.

9. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ ലേബർ ഓഫീസർമാർ മുൻകൈ എടുത്ത് എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതും ഫെസിലിറ്റേഷൻ സെന്ററിനെകുറിച്ചും അവയുമായി ബന്ധപ്പെടാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുമുള്ള പൂർണ്ണ വിവരങ്ങൾ വിവിധ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പദ്ധതിയ്ക്കായി വേണ്ടിവരുന്ന ചെലവുകൾ 2016-17 സാമ്പത്തികവർഷത്തെ ആദ്യബഡ്ജറ്റിലേയ്ക്കുള്ള ദേശതിപത്രികയിലെ "2230-01-103-52" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽഅക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ആഭ്യന്തര വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ വകുപ്പ്
ഡയറക്ടർ, ഐ.റ്റി. മിഷൻ,തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ